**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3355** **15-02-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | **നമ്പിക്കുളം ഇക്കോടൂറിസം പദ്ധതി പ്രദേശത്തേക്കു നിർമാണ സാമഗ്രികൾ എത്തിക്കാനുള്ള വഴി സൗകര്യം പരിമിതമായിരുന്നു. തുടക്കത്തിൽ ഓഫ് റോഡ് വാഹനങ്ങൾക്കു മാത്രമാണ് ഇവിടെ എത്താൻ സാധിച്ചിരുന്നത്. നിലവിൽ റോഡ് വികസനം പുരോഗമിച്ചതിനാൽ വാച്ച് ടവർ നിർമാണം, പാർക്കിങ് ഏരിയ, നടപ്പാത എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് വിനോദസഞ്ചാരികൾക്ക് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | ശുചിമുറി ബ്ലോക്ക്, വൈദ്യുതി കണക്ഷൻ, പദ്ധതി പ്രദേശത്തു വെള്ളം എത്തിക്കാനുള്ള പ്ലംബിങ് ജോലികൾ, ചെയിൻ ലിങ്ക് ഫെൻസിങ് എന്നിവ പൂർത്തിയാക്കിയാൽ മാത്രമേ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനം സാധ്യമാവൂ. ഇതിനായി തയാറാക്കിയ 72.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കാനാവും. |

സെക്ഷൻ ഓഫീസർ